3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കേരള- കൊല്ലം ജില്ലയിലെ വെളളിമണിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ സഹകരണത്തോടെ ആരംഭിച്ച ഈ സ്ഥാപനം 2015 വർഷത്തിൽ കേരള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത് 4 വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ കോഴ്സ് നടത്തിവരുന്നു.

4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്- മലപ്പുറം ജില്ലയിലെ പൊന്നാനി കേന്ദ്രമാക്കി ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രത്തിൽ നിന്നും സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം നൽകിവരുന്നുണ്ട്.

(സി) സെന്ററിന്റെ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതി ഇനത്തിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 350 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഈ തുകയ്ക്കുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തുകയും ഈ തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇവ കൂടാതെ ചെങ്ങന്നൂർ, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സിവിൽ സർവ്വീസ് അക്കാദമി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും യഥാക്രമം 150 ലക്ഷം രൂപയും 120 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസം

64 (5135) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിൻകീഴിൽ എസ്.എസ്.എ. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ശ്രദ്ധിച്ചിട്ടുണ്ട്.

(ബി)

1. ഭിന്നശേഷിയുള്ള കുട്ടികളെ മുഖ്യധാരയിൽ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസം നൽകുക.
2. കുട്ടിക്ക് ശാരീരികവും മാനസികവും വിദ്യാഭ്യാസപരവുമായ പുരോഗതി ഉണ്ടാക്കുക.
3. സാമൂഹിക ജീവിതത്തിൽ മറ്റ് അംഗങ്ങളോടൊപ്പം ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും പ്രാപ്തരാക്കുക.

(സി)

1. വിദ്യാഭ്യാസ അവകാശനിയമം (RTE) നടപ്പിലാക്കിയതിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ എല്ലാ പൊതുവിദ്യാലയങ്ങളിലും മറ്റ് കുട്ടികളോടൊപ്പം പഠിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്.
2. വർഷാരംഭത്തിൽ ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി സർവ്വശിക്ഷാ അഭിയാൻ സർവ്വേ നടത്തുന്നു. ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠനസംബന്ധമായ ചുമതല സർവ്വ ശിക്ഷാ അഭിയാനും 9 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ചുമതല ആർ.എം.എസ്.എ.-യ്ക്കുമാണ് ഉള്ളത്.
3. സർവ്വ ശിക്ഷാ അഭിയാനിൽ അംഗീകൃത ബി.ആർ.സി.യിൽ 2015-16 വർഷത്തിൽ 5 റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ കാഴ്ചപ്പാട് പ്രകാരം പൊതു വിദ്യാലയങ്ങളിലെ ജനറൽ അദ്ധ്യാപകർ ഭിന്നശേഷിയുള്ള കുട്ടികളെയും പഠിപ്പിക്കുന്നു. ജനറൽ അദ്ധ്യാപകർക്ക് ആവശ്യമായ ശാക്തീകരണം റിസോഴ്സ് അദ്ധ്യാപകർ നൽകുന്നു. ഒപ്പം കുട്ടിക്ക് ആവശ്യമായ അധിക പിന്തുണ പരിഹാരബോധന ക്ലാസ്സിലൂടെ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly